# നബിദിനാഘോഷത്തിന്റെ ചരിത്രം

പ്രൊഫ. സയ്യിദ് മുഹമ്മദ് സലീം

**നബിദിനാഘോഷം** പണ്ടുകാലം മുതൽക്കേ മുസ്‌ലിംകൾക്കിടയിൽ നിലനിന്നുപോരുന്ന ഒരാചാരമാണ്. 'മൗലൂദ് ശരീഫ്' എന്ന പേരിലാണ് മുമ്പ് അതറിയപ്പെട്ടിരുന്നത്. പിന്നീടത് മിലാദ് ശരീഫും മിലാദുന്നബിയുമൊക്കെയായി. മിക്കവാറും എല്ലാ പ്രദേശങ്ങളിലും എല്ലാ വിഭാഗങ്ങളിലും അതാഘോഷിക്കപ്പെടുന്നുണ്ട്. നബിദിനത്തിൽ ആളുകൾ ഒരിടത്ത് സമ്മേളിക്കുന്നു. അവിടെ മൗലൂദ് കിതാബിലെ ഗദ്യവും പദ്യവും പ്രത്യേക ഈണത്തിൽ പാരായണം ചെയ്യപ്പെടുന്നു. പിന്നീട് എഴുന്നേറ്റുനിന്ന് നബി(സ)ക്ക് അഭിവാദ്യഗീതം പാടുന്നു. മധുരപലഹാര വിതരണത്തോടെ സദസ്സ് പിരിയുന്നു. മൗലാനാ ഗുലാം ഇമാം ശഹീദി പത്തൊമ്പതാം നൂറ്റാണ്ടിലെഴുതിയ മൗലൂദ് ശഹീദിയാണ് ഏറ്റവും പഴക്കമുള്ള മൗലൂദ് കിതാബ്. അതിനുശേഷം വേറെയും രചിക്കപ്പെടുകയുണ്ടായി. അക്ബർ വാരിസീ മീറത്തി എഴുതിയ മൗലൂദ് അക്ബരിയാണ് ഇക്കാലത്ത് ഏറെ സ്വീകരിക്കപ്പെടുന്നത്.

## ജയന്തി ആഘോഷം ഇസ്‌ലാമിനു മുമ്പ്

ജന്മദിനാഘോഷം വളരെ മുമ്പുതന്നെ ഇസ്‌ലാമികലോകത്ത് നിലവിലുണ്ട്. ലോകചരിത്രത്തിലേക്ക് കണ്ണോടിച്ചാൽ ഈ ആചാരം എത്രയോ പുരാതനമാണെന്നു കാണാം. പഴയ ബഹുദൈവ മതങ്ങളിൽ അതുണ്ടായിരുന്നു. ബഹുദൈവവിശ്വാസികൾ അവതാരങ്ങളെയും മഹാപുരുഷന്മാരെയും ദൈവത്തിന്റെ പ്രത്യക്ഷ രൂപമായാണ് കണക്കാക്കിയിരുന്നത്. അതിനാൽ, അവരുടെ ജന്മദിനത്തിനു വലിയ പ്രാധാന്യം അവർ കൽപിച്ചിരുന്നു. വിവിധ രൂപത്തിൽ ആ ദിനത്തിൽ അവർ ആഹ്ലാദ പ്രകടനം നടത്തുകയും ചെയ്തു.

ബഹുദൈവവിശ്വാസത്തിന്റെയും വിഗ്രഹപൂജയുടെയും നാടാണ് ഭാരതം. ഇവിടെ ബുദ്ധമതവിശ്വാസികൾ ശ്രീബുദ്ധനെയും ജൈനമത വിശ്വാസികൾ ജിനനെയും ദൈവത്തിന്റെ ഇരുപത്തിനാലാം അവതാരമായി കണക്കാക്കുന്നു. ബുദ്ധന്റെ ജന്മദിനത്തിന് വലിയ പ്രാധാന്യം നൽകപ്പെടുന്നു. പാലി ഭാഷയിൽ ബുദ്ധന്റെ ജനനത്തെക്കുറിച്ച് ഒരു ഗ്രന്ഥമുണ്ട്. പ്രത്യേക അവസരങ്ങളിൽ അത് പാരായണം ചെയ്യപ്പെടുന്നു. ലോകത്തെ ഏറ്റവും പഴക്കമുള്ള മൗലൂദ് കിതാബാണിത്.

ആധുനിക ക്രിസ്തുമതത്തിന്റെ വലിയൊരു ഭാഗം മറ്റു മതങ്ങളിൽനിന്നും ആചാരങ്ങളിൽനിന്നും സ്വീകരിക്കപ്പെട്ടവയാണെന്ന് പുതിയ ഗവേഷണങ്ങൾ തെളിയിച്ചിട്ടുണ്ട്. യേശുക്രിസ്തുവിന്റെ ജനനത്തിനു മുമ്പുതന്നെ ബുദ്ധമതം ഇറാൻ, സിറിയ, ഗ്രീസ് എന്നിവിടങ്ങളിൽ പ്രചാരം നേടിയിരുന്നു. ഇറാനിലെ ആദിത്യപൂജകരുടെ മതമായ മിത്രായിസം ക്രിസ്തുമതത്തിന്റെ ആവിർഭാവത്തിന് മുമ്പേ സിറിയയിലും റോമിലും വ്യാപിച്ചിരുന്നു. അതുമൂലം മേഖലയിൽ പ്രചാരത്തിലിരുന്ന മതങ്ങളുടെ പല ആചാരങ്ങളും ക്രിസ്തുമതത്തിൽ കടന്നുകൂടി. ഡിസംബർ 25-ന്റെ പ്രാധാന്യം മിത്രായിസത്തിൽനിന്നാണ് ക്രിസ്തുമതം കടമെടുത്തത്. യേശുക്രിസ്തു ജനിച്ച് വളരെ കാലത്തിനു ശേഷമാണ് ഡിസംബർ 25 അദ്ദേഹത്തിന്റെ ജന്മദിനമായി കണക്കാക്കുകയും അതിന് പുണ്യം നൽകപ്പെടുകയും ചെയ്തത്.

## തൗഹീദ്

അറേബ്യയിൽ ഇസ്‌ലാംമതം ഉടലെടുക്കുമ്പോൾ നാനാഭാഗത്തും ബഹുദൈവവിശ്വാസവും വിഗ്രഹപൂജയുമായിരുന്നു. ശുദ്ധമായ ഏകദൈവത്വത്തിന്റെ മതമാണ് ഇസ്‌ലാം. ശിർക്കും വിഗ്രഹാരാധനയും കടന്നുവരാവുന്ന എല്ലാ വാതിലുകളും അത് ഭദ്രമായി അടച്ചിട്ടുണ്ട്. മനുഷ്യന് ദിവ്യത്വത്തിൽ യാതൊരു പങ്കുമില്ല. പ്രവാചകന്മാർ പോലും വെറും മനുഷ്യരാണ്. ബഹുദൈവമതങ്ങളിൽ ജന്മദിനം ആഘോഷമായി കൊണ്ടാടപ്പെടുന്നു. ഇസ്‌ലാമാകട്ടെ എല്ലാ ആഘോഷങ്ങളും നിഷേധിച്ചു. മുസ്‌ലിംകൾക്കുവേണ്ടി കേവലം രണ്ടാഘോഷങ്ങൾ അത് നിശ്ചയിച്ചു. ഈ ആഘോഷങ്ങളാവട്ടെ, എല്ലാ മുൻമതങ്ങളുടെയും ആഘോഷങ്ങളിൽനിന്ന് വ്യത്യസ്തമാണ്. ഈദുൽ ഫിത്വ്ർ റമദാൻ മാസത്തിനു തൊട്ടു ശേഷമാണ് വരുന്നത്. റമദാൻമാസം വിശുദ്ധ ഖുർ

ആൻ അവതരണത്തിന്റെ വാർഷികാഘോഷമാണ്. വിചിത്രമായ ഒരാഘോഷം! കളിയും തമാശയുമില്ല. ആരാധന, കൂടുതൽ ആരാധന... ദൈവത്തിലേക്കുള്ള മടക്കം മാത്രം. അവസാനത്തെ ദൈവിക ഗ്രന്ഥത്തിന്റെ അനുസ്മരണയാണത്. ഈ ആഘോഷത്തിൽ മതപരവും ധാർമികവുമായ ഒരു പരിശീലന കോഴ്‌സ് പൂർത്തിയാക്കുകയാണ് ചെയ്യുന്നത്. ബലിപെരുന്നാളാണ് മറ്റൊരാഘോഷം. ഇബ്‌റാഹീം ഖലീലുല്ലാഹിയുടെ മഹത്തായ ത്യാഗത്തെ ഓർത്തുകൊണ്ട് ആരാധനയും ബലികർമവും അനുഷ്ഠിക്കുകയാണ് അതിൽ ചെയ്യുന്നത്. മനുഷ്യനിലെ ഭൗതികതയെ തളർത്തുകയും ആത്മീയതയെ വളർത്തുകയും ചെയ്യുക-അതാണ് ഇസ്‌ലാമിലെ ആഘോഷങ്ങളുടെ ചൈതന്യം. ഒരു ഉദാഹരണത്തിലൂടെ ഇസ്‌ലാമിന്റെ സവിശേഷമായ സ്വഭാവം എന്താണെന്ന് വ്യക്തമാക്കാം. ഹസ്രത്ത് ഉമറി(റ)ന്റെ കാലം. മുസ്‌ലിംകൾക്ക് ഒരു കലണ്ടർ നടപ്പാക്കേണ്ട പ്രശ്നം വന്നു. റോമൻ, ക്രിസ്തു, യസ്ദഗിർദ് എന്നീ കലണ്ടറുകളാണ് അന്ന് നടപ്പിലുള്ളത്. റോമൻ, പേർഷ്യൻ ഭരണകൂടങ്ങളെ അനുകരിച്ചുകൊണ്ട് നബി(സ)യുടെ ജന്മദിനമോ ചരമദിനോ പുതിയ കലണ്ടറിന്റെ തുടക്കമായി കണക്കാക്കാമെന്ന് ചിലർ അഭിപ്രായപ്പെട്ടു. അത് കേട്ട് ഹ. അലി(റ) പറഞ്ഞു: ജനനവും മരണവും അല്ലാഹുവിന്റെ നിയമമനുസരിച്ച് ഉണ്ടാകുന്നതാണ്. എല്ലാ മനുഷ്യർക്കും അവയിലൂടെ കടന്നുപോകേണ്ടതുണ്ട്. ഇസ്‌ലാം അല്ലാഹുവിന്റെ മഹത്തായ ഒരനുഗ്രഹമാണ്. മക്കയിൽ വെച്ചാണ് അതിന്റെ തുടക്കമെങ്കിലും യഥാർഥത്തിൽ അത് മദീയനിലാണ് പ്രത്യക്ഷമായത്. അതിനാൽ ഹിജ്‌റയെ നമുക്ക് കലണ്ടറിന്റെ തുടക്കമായി കണക്കാം. ഈ നിർദേശം എല്ലാ സ്വഹാബിമാർക്കും ഇഷ്ടപ്പെട്ടു. അങ്ങനെയായിരുന്നു ഹിജ്‌റാബ്ദത്തിന്റെ തുടക്കം.

## മൗലൂദ് ഫാത്വിമികളുടെ കാലത്ത്

മൂന്ന് നൂറ്റാണ്ട് വരെ അനിസ്‌ലാമികാചാരങ്ങൾക്ക് ഇസ്‌ലാമിൽ സ്ഥാനം ലഭിച്ചിരുന്നില്ല. ഹിജ്‌റ മൂന്നാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഫാത്വിമികൾ ഈജിപ്തിൽ ഭരണാധികാരികളായി. ശീഈകളിൽ പെട്ട ഇസ്മാഈലീ വിഭാഗത്തിൽ പെടുന്നവരാണ് ഫാത്വിമികൾ. ഈജിപ്ത്, ആഫ്രിക്ക, സിറിയ എന്നിവയടങ്ങുന്ന വിശാലമായ ഒരു സാമ്രാജ്യത്തിന്റെ അധിപരായിരുന്നു അവർ. ശിയാക്കൾക്ക് യുക്തിചിന്തയോടുണ്ടായിരുന്ന അനുകമ്പമൂലം അക്കാലത്ത് മുഅ്തസിലുകളുടെ ഒച്ചപ്പാടുകൾ കൂടുതൽ ശക്തിപ്പെട്ടിരുന്നു. അതിനാൽ, ശീഈസത്തിന്റെ എല്ലാ ശാഖകളിലും തത്ത്വശാസ്ത്രത്തിന്റെയും യുക്തിചിന്തയുടെയും സ്വാധീനം കാണാം. തങ്ങൾക്കിഷ്ടപ്പെട്ട പലതും നേതാക്കൾ മുഖേന മതത്തിൽ അവർ കടത്തിക്കൂട്ടി. ഇസ്മാഈലികൾ 'ഇമാമി' സങ്കൽപം കൊണ്ടുവന്നു. ഇമാമിനു തെറ്റുപറ്റുകയില്ല. ഇമാം എന്തു പറഞ്ഞാലും അത് ശരിയും സത്യവുമായിരിക്കും. ശീഈസത്തിൽ പുത്തൻകാര്യങ്ങൾക്കു കടന്നുവരാൻ ഒരു തടസ്സവുമുണ്ടായിരുന്നില്ല. എന്നാൽ സുന്നികൾക്കിടയിൽ മറിച്ചായിരുന്നു സ്ഥിതി. പുതിയ വിശ്വാസാചാരങ്ങൾക്ക് കടന്നുവരാൻ അവിടെ വലിയ പ്രയാസമായിരുന്നു. വല്ലതും കടന്നുകൂടിയാൽതന്നെ ഒരു വിഭാഗം ശക്തിയായി അതിനെ എതിർത്തു പോന്നു. ഇസ്മാഈലികൾ അന്യ മതാചാരങ്ങളെ നിഷ്പ്രയാസം തങ്ങളുടെ മതത്തിൽ കടത്തിക്കൂട്ടി. മരിച്ചവരുടെ ആത്മാവിൽനിന്ന് ജീവിച്ചിരിക്കുന്നവർക്ക് അനുഗ്രഹം ലഭിക്കുമെന്ന വിശ്വാസം ഇസ്‌ലാമിന്റെ ആദ്യകാലത്ത് ഉണ്ടായിരുന്നില്ല. ഇബ്നു തൈമിയ്യ അഭിപ്രായപ്പെടുന്നത്, ഹകീം അബൂഅലി സീനയാണ് ഈ വിശ്വാസത്തിനു ജന്മം നൽകിയത് എന്നാണ്. ശിയാ കുടുംബത്തിൽ വളർന്നയാളാണ് ഇദ്ദേഹം. അദ്ദേഹത്തിന്റെ സിദ്ധാന്തം സൂഫികൾ ഏറ്റെടുക്കുകയും പിന്നീടത് ഇസ്‌ലാമികലോകത്തെങ്ങും പരക്കുകയും ചെയ്തു. ഇപ്രകാരം, നബിദിനാഘോഷം ഉടലെടുത്തതും ഫാത്വിമികളുടെ കാലത്ത് ഈജിപ്തിലാണ്.

ഈജിപ്തിലും ഫാത്വിമികളുടെ അധീനതയിലിരുന്ന മറ്റു പ്രദേശങ്ങളിലും ക്രിസ്ത്യാനികൾ ധാരാളമായുണ്ടായിരുന്നു. ഈജിപ്തിൽ കോപ്റ്റിക് ചർച്ചിനോടായിരുന്നു ക്രിസ്ത്യാനികളുടെ ബന്ധം. കോപ്റ്റിക് ഭാഷയാണ് അവർക്കിടയിൽ പ്രചാരത്തിലുണ്ടായിരുന്നത്. സിറിയയിൽ സുരിയാനി ഭാഷ സംസാരിക്കുന്ന നസ്തൂരികളുണ്ടായിരുന്നു. സെമിറ്റിക് ഭാഷകളാണ് ഇവ രണ്ടും. തങ്ങളുടെ മതനേതാക്കളെ 'അബൂനാ', 'സയ്യിദുനാ', 'മൗലാനാ' എന്നിങ്ങനെ അവർ അഭിസംബോധന നടത്തിയിരുന്നു. മൗലാനാ എന്ന പ്രയോഗം കോപ്റ്റിക് ചർച്ചിൽനിന്ന് സ്വീകരിച്ച് ഫാത്വിമികൾ തങ്ങൾക്കിടയിൽ നടപ്പാക്കി. മക്കയുടെയും മദീനയുടെയും മേൽ ഫാത്വിമികൾ ദീർഘകാലം അധികാരം വാണിരുന്നതിനാൽ അവിടെയും ആ പ്രയോഗമെത്തി. അവിടെ നിന്ന് ലോകത്തിന്റെ ഇതര ഭാഗങ്ങളിലും അതെത്തിച്ചേർന്നു. ഇന്ന് പണ്ഡിതന്മാരും മതനേതാക്കളുമൊക്കെ ഒരു നിർബന്ധമെന്നോണം അതുപയോഗിക്കുന്നു.

കോപ്റ്റിക് മഠങ്ങൾ ഇടക്കിടെ ആഘോഷങ്ങൾ കൊണ്ടാടിയിരുന്നു. ക്രിസ്തുവിന്റെ ജന്മദിനം, കന്യാമറിയത്തിന്റെ ജന്മദിനം അങ്ങനെ പലതും. അവരെ അനുകരിച്ചുകൊണ്ട് ഫാത്വിമികളും ജന്മദിനാഘോഷം തുടങ്ങി. നബിയുടെ, ഖദീജാബീവിയുടെ, ഫാത്വിമാബീവിയുടെ, അലി(റ)യുടെ തുടങ്ങിയ പലരുടെയും ജന്മദിനങ്ങൾ അവർ ആഘോഷിച്ചു (ഡോക്ടർ സാഹിദ് അലി ഈസ്മാഈലിയുടെ 'ഫാത്വിമി ഈജിപ്തിന്റെ ചരിത്രം' നോക്കുക. പേജ് 133).

ഫാത്വിമി ഖലീഫമാർ തങ്ങളുടെയും അന്നത്തെ ഇമാമുകളുടെയും ജന്മദിനങ്ങൾ ആഘോഷിച്ചിരുന്നതായി പ്രമുഖ ചരിത്രകാരനായ മഖ്‌രീസി രേഖപ്പെടുത്തിയിട്ടുണ്ട്. രാജകീയാഘോഷങ്ങളായിരുന്നു അവരുടെ കാലത്ത് ഇവയൊക്കെ. വലിയ കൊട്ടും ഘോഷവുമായി അവ കൊണ്ടാടപ്പെട്ടിരുന്നു. ഭരണം ശീഈകളുടെ കരങ്ങളിലായതുകൊണ്ടാണ് ഇതൊക്കെ നടന്നത്. എന്നാൽ, സാധാരണക്കാർ സുന്നികൾതന്നെയായിരുന്നു. അവർ വിരളമായേ ഇതിലൊക്കെ പങ്കെടുത്തുള്ളൂ. പുതിയവയെല്ലാം ബിദ്അത്തായി പരിഗണിക്കുന്നവരാണല്ലോ സുന്നികൾ. സുന്നീ പണ്ഡിതന്മാർ ഈ ആചാരങ്ങളെ എതിർത്തു. എന്നാൽ ഖലീഫയുമായി അടുപ്പമുള്ള ചിലർ അവയിൽ പങ്കെടുക്കുകയും പ്രസംഗം നിർവഹിക്കുകയും ചെയ്തിരുന്നു.

## മൗലൂദ് ഹറമൈനിൽ

മക്കയിലും മദീനയിലും അക്കാലത്ത് ഫാത്വിമികളാണ് ഭരണം നടത്തിയിരുന്നത്. തങ്ങളുടെ നടപടികൾ അവിടെ പ്രചരിപ്പിക്കുന്നതിൽ അവർ പ്രത്യേകമായ താൽപര്യം കാണിച്ചിരുന്നു. എങ്കിലും അവിടെ ഭരണകാര്യങ്ങൾ നിർവഹിച്ചിരുന്നത് അർധ സ്വതന്ത്രരായ പ്രഭുക്കു

ടുംബങ്ങളായിരുന്നു. ഹസ്രത്ത് ഹംസ(റ)ന്റെ സന്താന പരമ്പരയിൽപെട്ട ഇവർ ശരീഫു മക്ക എന്നാണറിയപ്പെട്ടിരുന്നത്. ശീഈസത്തിലെ സൈദി വിഭാഗക്കാരോടായിരുന്നു ഇവരുടെ ബന്ധം. അവരുടെ ഭരണം ആയിരം സംവത്സരങ്ങൾ നീണ്ടുനിന്നു. 1924-ൽ ശാഹ് അബ്ദുൽ അസീസ് ഇബ്നു സുഊദാണ് അവരുടെ ഭരണത്തിന് അന്ത്യം കുറിച്ചത്.

ആറു നൂറ്റാണ്ട് സൈദികളായി നിലകൊണ്ട മക്കയിലെ ശരീഫുകൾ പിന്നീട് ഉസ്മാനിയാ ഖിലാഫത്തിന്റെ കീഴിലായപ്പോൾ സുന്നീ വിശ്വാസം കൈക്കൊള്ളുകയുണ്ടായി.

ഈ കാലത്ത് (ഹിജ്റ നാലാം നൂറ്റാണ്ട്-ക്രിസ്തബ്ദം പത്താം നൂറ്റാണ്ട്) മക്കയിൽ പല ആഘോഷങ്ങളും പുതുതായി ആഘോഷിക്കപ്പെട്ടിരുന്നു എന്ന് 'താരീഖ് മക്ക'യുടെ കർത്താവായ അഹ്മദ് സബാഈ രേഖപ്പെടുത്തിയിട്ടുണ്ട്. നബിദിനം, ഫാത്വിമ(റ)യുടെ ജന്മദിനം, ഖദീജാബീവിയുടെ ജന്മദിനം, ആമിനാ ബീവിയുടെ ജന്മദിനം, അലി(റ)യുടെ ജന്മദിനം, ആശൂറാ ദിനം, അവസാനത്തെ ബുധനാഴ്ച എന്നിവ അവയിൽ ചിലതത്രെ. ഈ ആഘോഷങ്ങളിൽ നബി(സ)യുടെ പേര് ഉച്ചരിക്കപ്പെടുമ്പോൾ ജനങ്ങൾ പൊടുന്നനെ എഴുന്നേറ്റുനിൽക്കും. പ്രസംഗത്തിൽ ഖലീഫയുടെ നാമം ഉച്ചരിക്കുമ്പോൾ എഴുന്നേറ്റുനിൽക്കണമെന്നു ഫാത്വിമി ഭരണാധികാരിയായ ഹകീം ബി അംരില്ലാഹി (ഹി. 386-411) കൽപന പുറപ്പെടുവിച്ചിരുന്നതായി അഹ്മദ് സബാഈ 'താരീഖു മക്ക'യിൽ (പേജ് 145) രേഖപ്പെടുത്തുന്നു. തെരുവുകളിൽ വെച്ച് ഖലീഫയുടെ പേരു കേൾക്കുമ്പോഴേക്കും ജനങ്ങൾ എഴുന്നേറ്റുനിൽക്കുന്നേടത്തോളം എത്തി ഈ സ്ഥിതി. ഈജിപ്തിൽ നടപ്പാക്കിയിരുന്ന ഈ സമ്പ്രദായം ഹിജ്റ 386-ൽ മക്കയിലും അദ്ദേഹം നടപ്പിൽ വരുത്തി.

ഈതേ ഹാകിം ബി അംരില്ലയെയാണ് ദുറൂസികൾ ദൈവമായി കണക്കുന്നതെന്ന വസ്തുതയും ഇവിടെ ഓർക്കുക.

ഇബ്നുജുബൈർ അന്തുലുസി (മരണം ഹി. 614) തന്റെ യാത്രാവിവരണത്തിൽ മക്കയിലെ നബിദിനാഘോഷത്തെപ്പറ്റി പറയുന്നുണ്ട്. നബിദിനത്തിൽ തിരുമേനിയുടെ ജന്മസ്ഥലം സന്ദർശിക്കുന്നത് പുണ്യകർമമാണെന്ന് കരുതപ്പെട്ടിരുന്നു എന്ന് അദ്ദേഹം എഴുതുന്നു. ഈ സ്ഥലം ഹാറൂൻ റശീദിന്റെ മാതാവ് ഖൈസ്റാൻ (ഹി. 173) വിലയ്ക്കു വാങ്ങുകയും അവിടെ ഒരു മദ്റസ നടത്തുകയും ചെയ്തിരുന്നു. ഇന്നു ദാറുഖൈസ്റാൻ എന്ന പേരിലാണ് ആ സ്ഥലമറിയപ്പെടുന്നത്. ആശൂറാ ദിനത്തെക്കുറിച്ച് അഹ്മദ് ശൽഹി വിചിത്രമായ ഒരു കാര്യം രേഖപ്പെടുത്തുന്നുണ്ട്. ഫാത്വിമികൾ അന്ന് പരിപ്പും ഉള്ളിയും മാത്രമേ തിന്നുകയുള്ളൂവത്രെ.

സഫർ മാസത്തിലെ അവസാനത്തെ ബുധനാഴ്ച ആഘോഷിക്കുന്നതിനെപ്പറ്റി ഇന്ന് അൽപമാളുകളേ കേട്ടിരിക്കുകയുള്ളൂ. ഗവൺമെന്റ് സ്കൂളുകളിൽ ഇന്നും ഈ ദിവസം അവധി നൽകപ്പെടുന്നു. സഫറിലെ അവസാനത്തെ പതിനൊന്ന് ദിവസം നബിതിരുമേനിക്ക് പനി ശക്തിപ്പെട്ടുവെന്നും ഒടുവിലത്തെ ബുധനാഴ്ച രോഗവിമുക്തിയുണ്ടായെന്നും പ്രായം കൂടിയ സ്ത്രീകൾ പറയാറുണ്ട്. അതുകൊണ്ടാണ് ആദിനം സന്തോഷം കൊണ്ടാടുന്നത്. ഇതെല്ലാം മുസ്ലിംകളിലേക്ക് പകർന്ന ഇസ്മാഈലി വിശ്വാസാചാരങ്ങളാണ്.

സിറാജുദ്ദൗല, മീർജാഫർ എന്നിവരിൽനിന്നാണല്ലോ ഇംഗ്ലീഷുകാർ ബംഗാൾ പിടിച്ചെടുത്തത്. ഇവർ രണ്ടുപേരും ശീഈകളായിരുന്നു. അവസാനത്തെ ബുധനാഴ്ച അവധി നൽകുന്ന സമ്പ്രദായം ഇംഗ്ലീഷുകാർ അവരിൽനിന്ന് സ്വീകരിക്കുകയും തങ്ങളുടെ ആധിപത്യത്തിലുള്ള മറ്റു സ്ഥലങ്ങളിൽ കൂടി നടപ്പാക്കുകയും ചെയ്തു. മറ്റു പ്രദേശക്കാർക്ക് അതിന്റെ ഉദ്ദേശ്യം അറിയില്ലെങ്കിലും അവരതിനെ സ്വാഗതം ചെയ്തു. ഒഴിവുദിനത്തെ ആരാണ് സ്വീകരിക്കാതിരിക്കുക?

ഫാത്വിമികളുടെ പ്രബോധനം വളരെ മുമ്പുതന്നെ ഇന്ത്യയിൽ എത്തിയിരുന്നു. ഹിജ്റാബ്ദം അഞ്ചാം നൂറ്റാണ്ടിൽ ഇസ്മാഈലി വിശ്വാസാചാരങ്ങൾ ഇന്ത്യയിൽ നിലനിന്നിരുന്നതായി കാണാം. ഹി. 420-ൽ (ക്രി. 1030) മഹ്മൂദ് ഗസ്നി സോമനാഥിൽ ആക്രമണം നടത്തിയപ്പോൾ ഇവിടെ ഇസ്മാഈലികളുണ്ടായിരുന്നു. പിന്നീടവരുടെ പ്രബോധന കേന്ദ്രം തന്നെ ഇന്ത്യയിലേക്ക് മാറ്റപ്പെട്ടു. ഹിജ്റ 531 മുതൽ 946 വരെ യമനിലായിരുന്നു അവരുടെ പ്രബോധന കേന്ദ്രം. 946-ന് ശേഷമാണ് അത് ഇന്ത്യയിലേക്ക് മാറ്റപ്പെട്ടത്. ഇന്ത്യയിലെ അവരുടെ ആദ്യത്തെ പ്രബോധകൻ സയ്യിദ് യൂസുഫ് നജ്മുദ്ദീനായിരുന്നു. ഗുജറാത്തിലെ സിദ്ദൂപൂരായിരുന്നു അദ്ദേഹത്തിന്റെ കേന്ദ്രം. നബിദിനാഘോഷം ഇന്ത്യയിൽ പ്രചരിക്കാൻ മുഖ്യമായ ഒരു കാരണം ഈ ഇസ്മാഈലി കേന്ദ്രമായിരുന്നു. മറ്റൊരു കാരണം ഹജ്ജാണ്. ഓരോ വർഷവും ഹജ്ജ് തീർഥാടനത്തിനു വേണ്ടി ആയിരക്കണക്കിനാളുകൾ മക്കയിലെത്തിയിരുന്നു. മക്കയിലെ പണ്ഡിതന്മാരോട് മുസ്ലിംകൾക്ക് അളവറ്റ ആദരവുണ്ടായിരുന്നു. മതകാര്യങ്ങളിൽ അവരെ പ്രാമാണികരായാണ് കണക്കാക്കിയിരുന്നത്. മക്കയിലും മദീനയിലും അന്ന് ഫാത്വിമികളുടെ ഭരണമായിരുന്നു എന്നു പറയുകയുണ്ടായല്ലോ. അവിടെ നബിദിനമാഘോഷിക്കുന്നത് കണ്ട ഹജ്ജാജികൾ തിരിച്ചുവന്നപ്പോൾ തങ്ങളുടെ നാടുകളിലും അത് തുടങ്ങി. ശൈഖ് അബ്ദുൽ ഹഖ് മുഹദ്ദിസ് ദഹ്ലവിയുടെ പുത്രനായ മൗലാനാ സലാമത്തുല്ലാ ദഹ്ലവി മൗലിദ് ആഘോഷത്തിന് ഏറ്റവും വലിയ തെളിവായി പറഞ്ഞത് മക്കയിലെയും മദീനയിലെയും പണ്ഡിതന്മാർ വരെ അതാഘോഷിക്കുന്നുണ്ട് എന്നാണ്.

പക്ഷേ ഈജിപ്തിലെ ഫാത്വിമികളുടെയും മക്കയിലെ സൈദികളുടെയും ഈ പ്രവൃത്തി യഥാർഥ പണ്ഡിതന്മാർ സ്വീകരിക്കുകയുണ്ടായില്ല എന്നതാണ് യാഥാർഥ്യം.

## അയ്യൂബികളുടെ കാലത്ത്

അതിനിടെ ഇസ്ലാമിക ലോകം പുതുതായൊരു വിപത്തിനെ നേരിട്ടു-കുരിശുയുദ്ധ പരമ്പര. രണ്ട് നൂറ്റാണ്ടു കാലം (ഹിജ്റ 490 മുതൽ 691 വരെ) അത് നീണ്ടുനിന്നു. മാർപ്പാപ്പയുടെ പ്രേരണയാൽ യൂറോപ്പിലെ പ്രഭുക്കളും രാജാക്കന്മാരും സൈന്യങ്ങളുമായി വന്നു സിറിയയും ഫലസ്ത്വീനും കൈയടക്കി. സിറിയൻ തീരങ്ങളിൽ അവർ കൊച്ചു കൊച്ചു രാജ്യങ്ങൾ സ്ഥാപിച്ചു. ഒരു നൂറ്റാണ്ടുകാലം (90 വർഷം) അവ നിലനിൽക്കുകയുണ്ടായി. സ്വലാഹുദ്ദീൻ അയ്യൂബിയും ഇമാമുദ്ദീൻ സക്കിയുമാണ് കുരിശുയോദ്ധാക്കളെ മുട്ടുകുത്തിച്ചത്. എങ്കിലും അവർക്ക് അന്ത്യം കുറിച്ചത് ഈജിപ്തിലെ അടിമ രാജാക്കന്മാരായിരുന്നു. കുരിശുയുദ്ധം നടന്ന രണ്ടു നൂറ്റാണ്ടുകാലം വിരാമമില്ലാത്ത യുദ്ധ

മായിരുന്നില്ല. ഇടക്ക് സമാധാന കാലവുമുണ്ടായിരുന്നു. ഇസ്‌ലാമിക സംസ്കാരത്തിന്റെ ഔന്നത്യവും മഹിമയും ആക്രമണകാരികളായ ക്രിസ്തീയരുടെ കണ്ണ് തുറപ്പിച്ചു. മുസ്‌ലിംകളിൽനിന്നു പല കാര്യങ്ങളും അവർ സ്വായത്ത മാക്കി. അതുപോലെ മുസ്‌ലിംകൾ അവരിൽനിന്നും പലതും സ്വീകരിക്കുകയുണ്ടായി. ക്രിസ്ത്യാനികൾ ഡിസംബർ 25 യേശുക്രിസ്തുവിന്റെ ജന്മദിനമായി ആഘോഷിച്ചിരുന്നു. അതുകൊണ്ട് മുസ്‌ലിംകൾക്ക് തോന്നി തങ്ങളുടെ പ്രവാചകന്റെ ജന്മദിനവും ആഘോഷിക്കണമെന്ന്. മൗസിലിലും അർബലിലും നബിദിനാഘോഷം തുടങ്ങിയത് ഇക്കാലത്താണ്. ഖാസി ഇബ്നുഖല്ലിക്കാൻ (ഹിജ്റ 680–ൽ മരണം) 'വഫയാത്തുൽ അഅ്‌യാനി'ലും ഹാഫിസ് ഇബ്നു കസീർ (ഹിജ്റ 775) 'അൽബിദായത്തുവന്നിഹായ'യിലും പറയുന്നത് മൗസിലിൽ ഉമറുബ്നു മുഹമ്മദ് എന്ന ഒരു വ്യക്തിയാണ് ആദ്യമായി നബിദിനാഘോഷം തുടങ്ങിയത് എന്നാണ്. അർബലിലെ രാജാവ് മുളഫ്ഫറുദ്ദീനുബ്നു സൈനുദ്ദീന് അതിഷ്ടപ്പെടുകയും ഹിജ്റ 607–ൽ രാജകീയ പ്രൗഢിയോടുകൂടി തന്നെ അദ്ദേഹം അത് കൊണ്ടാടുകയും ചെയ്തു. ഇബ്നുദിഹ്‌യ ബലൻ സിയ്യ എന്ന പേരിൽ പ്രസിദ്ധനായ ശൈഖ് അബ്ദുൽ ഖത്താബ് ഉമറുബ്നുൽഹസൻ കൽബി സ്പെയിനിലെ പ്രശസ്തനായ ഒരു പണ്ഡിതനായിരുന്നു. അദ്ദേഹം സിറിയ, ഇറാഖ് വഴി അർബലിലെത്തി. നബിതിരുമേനിയുടെ ജന്മദിനത്തെക്കുറിച്ച് ഒരു ഗ്രന്ഥമെഴുതാൻ മുളഫ്ഫറുദ്ദീൻ രാജാവ് അദ്ദേഹത്തോടാവശ്യപ്പെട്ടു. 'അത്തൻവീർ ഫീ മൗലിദിൽ ബശീർ വന്നദീർ' എന്ന പേരിൽ ഒരു പുസ്തകമെഴുതി അദ്ദേഹം രാജാവിന് സമർപ്പിക്കുകയും ചെയ്തു. മൗലീദിനെക്കുറിച്ച പ്രമഥ ഗ്രന്ഥമത്രെ ഇത്.

നബിദിനാഘോഷം ക്രിസ്ത്യാനികളെ അനുകരിച്ച് ആവിഷ്കരിച്ചതാണെന്ന വസ്തുത വളരെ വ്യക്തം. തജ്‌വീദിന്റെ ഇമാമായ ശംസുദ്ദീൻ ഇബ്നുൽ ജസരിയുടെ ഒരു വാക്യം മുല്ലാ അലിഖാരി അൽഹനഫി (ഹി. 1014) തന്റെ 'അൽമൗരിദുർമി ഫീ മൗലിദിന്നബവി' എന്ന ഗ്രന്ഥത്തിൽ ഉദ്ധരിച്ചിട്ടുണ്ട്. 'കുരിശുകാർ അവരുടെ പ്രവാചകൻ ജനിച്ച രാത്രി മഹത്തായ ഒരാഘോഷമാക്കിയിട്ടുണ്ടെങ്കിൽ പ്രവാചകന്റെ ജന്മദിനത്തെ ആദരിക്കാൻ ഏറ്റവും അർഹതപ്പെട്ടവർ ഇസ്‌ലാമിന്റെ വക്താക്കളാണ്' എന്നു ഇബ്നുൽ ജസരി (ഹി. 831/ ക്രി 1469) പറഞ്ഞിരിക്കുന്നു. ജസരിയുടെ ഈ അഭിപ്രായത്തോട് മുല്ലാ ഖാരി അലിയോജിക്കുന്നില്ല. അതിനാൽ ഈ വാക്യം ഉദ്ധരിച്ചശേഷം അദ്ദേഹം ഇങ്ങനെ എഴുതി: "പക്ഷേ, അഹ്‌ലുകിതാബിനോട് വിയോജിക്കാനാണ് ഇസ്‌ലാം നമ്മോട് കൽപിച്ചിരിക്കുന്നത്." ക്രിസ്ത്യാനികളെ അനുകരിച്ചാണ് മുസ്‌ലിംകൾ നബിദിനാഘോഷം തുടങ്ങിയതെന്ന് മുകളിലുദ്ധരിച്ച ജസരിയുടെ വാക്കുകൾ വ്യക്തമാക്കുന്നുണ്ട്. മുളഫ്ഫറുദ്ദീൻ രാജാവിന്റെ നബിദിനാഘോഷത്തെപ്പറ്റി ഇബ്നുഖല്ലിക്കാൻ സവിസ്തരം പ്രതിപാദിക്കുന്നുണ്ട്.

"നബിദിനാഘോഷം ഒരാഴ്ച നീണ്ടുനിന്നിരുന്നു. അതിൽ വിനോദങ്ങളും ദീപാലങ്കാരങ്ങളും നർത്തകരായ സ്ത്രീ പുരുഷന്മാരുടെ സംഘങ്ങളും വാദ്യമേളകളുമെല്ലാം ഉണ്ടായിരുന്നു. സമാപന ദിവസത്തെ ആഘോഷമാണ് പ്രധാനം. അന്ന് മഗ്‌രിബിനു ശേഷം കൊട്ടാരത്തിൽനിന്ന് നഗരത്തിലെ വലിയ ഖാൻഗാഹ് വരെ പന്തം കൊളുത്തിയ ഘോഷയാത്രയുണ്ടായിരിക്കും. ഘോഷ യാത്രയുടെ മുമ്പിൽ നടക്കുന്നത് രാജാവ് തന്നെയാണ്. അടുത്ത ദിസം മരത്തടികൾ കൊണ്ട് ഉയർന്ന ഒരു സ്റ്റേജ് നിർമിച്ചിരിക്കും. അതിലിരുന്ന് പണ്ഡിതന്മാർ മതപ്രഭാഷണം നടത്തും. സ്റ്റേജിന് മുമ്പിൽ മരം കൊണ്ടുള്ള ഉയർന്ന മിനാരമുണ്ടാക്കും. അതിലിരുന്നാണ് രാജാവ് വിനോദങ്ങൾ കാണുക. പട്ടാളക്കാർ മുഴുവൻ ചിട്ടയോടെ മുന്നിൽ അണിനിരന്നു നിൽപുണ്ടാവും. ഒരുവശത്ത് പണ്ഡിതന്മാർ, പ്രഭുക്കൾ, കൊട്ടാരവാസികൾ എന്നിവരും അവരവരുടെ പദവിയനുസരിച്ച് നിലയുറപ്പിച്ചിട്ടുണ്ടാവും. അവിടെവെച്ച് ഉമറാക്കളുടെ വസ്ത്രദാന ചടങ്ങ് നടക്കുന്നു. തുടർന്ന് ഒരു പൊതുസദ്യയുണ്ടാവും. സദസ്യർ മുഴുവനും സദ്യക്ക് ക്ഷണിക്കപ്പെട്ടിട്ടുണ്ടാവും. ഭക്ഷണം കഴിഞ്ഞാൽ എല്ലാവരും ഖാൻഗാഹിൽ പ്രസംഗപരമ്പര കേൾക്കാനായി പോവുന്നു. രാജാവിനോടൊപ്പം അതിൽ പങ്കെടുക്കുന്നു."

ആഘോഷസ്ഥലത്ത് കളിവിനോദങ്ങൾക്കു വേണ്ട എല്ലാ സജ്ജീകരണങ്ങളും ഏർപ്പാട് ചെയ്തിട്ടുണ്ടാവും. ദഫ്ഫ്, തബല, പുരുഷന്മാരുടെയും ബാലൻമാരുടെയും സംഘങ്ങൾ, സുന്ദരിമാരായ പാട്ടുകാരികളുടെ സംഘങ്ങൾ തുടങ്ങിയവ നബിദിനാഘോഷങ്ങളിൽ പതിവായിരുന്നുവെന്ന് അല്ലാമാ ഫാഖിഹാനി രേഖപ്പെടുത്തിയിട്ടുണ്ട്.

അല്ലാമാ ഖഫ്ഫാജി നൃത്ത്യനൃത്തങ്ങളെയും വാദ്യമേളകളെയും കുറിച്ച് പരാമർശിച്ചിട്ടുണ്ട്. ക്രിസ്തുമസ് ആഘോഷത്തിനും ഇവയൊക്കെ പതിവായിരുന്നു.

നബിദിനാഘോഷം അംഗീകരിക്കാൻ പണ്ഡിതന്മാരിൽ നല്ലൊരു വിഭാഗം തയാറായില്ല. എന്നാൽ സൂഫികൾ യാതൊരു മടിയും കൂടാതെ അതംഗീകരിച്ചു. ഇസ്‌ലാമിക ലോകത്തെമ്പാടും സ്വൂഫി സിൽസിലകൾ പ്രചരിച്ചിരുന്ന കാലമാണത്. അവർക്ക് പരക്കെ സ്വീകാര്യത ലഭിച്ചിരുന്നു. മുസ്‌ലിംകൾ അവരെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്തിരുന്നു. നബിദിനാഘോഷത്തിന്റെ പ്രചാരത്തിൽ സ്വൂഫികൾ വഹിച്ച പങ്ക് സുപ്രധാനമാണ്. രാജാക്കന്മാരുടെ പരിശ്രമം കൊണ്ടുമാത്രം അതിന് പൊതുസ്വീകാര്യത ലഭിക്കുമായിരുന്നില്ല. എങ്കിലും അയ്യൂബി ഭരണാധികാരികൾ സിറിയ, ഈജിപ്ത്, ഹിജാസ് എന്നിവിടങ്ങളിലെല്ലാം അത് പ്രചരിപ്പിക്കുകയുണ്ടായി. ഉസ്മാനിയ സാമ്രാജ്യത്തിൽ അത് വ്യാപിപ്പിച്ചത് സുൽത്താൻ മുറാദ് ആറാമനാണ് (ഹിജ്റ 996).

## മൗലൂദുകൾ

മീലാദാഘോഷങ്ങളിൽ സാധാരണ പാരാണം ചെയ്യപ്പെടുന്ന ഏതാനും കിതാബുകളുടെ പേരാണ് താഴെ പറയുന്നത്.

1. ഇബനു ദിഹ്‌യ കൽബിയുടെ 'അത്തൻവീർ ഫീ മൗലിദിൽ ബഷീർ വന്നദീർ'
2. കഅ്ബുബ്നു സുഹൈറിന്റെ 'ബാനത് സുആദ്'
3. ശറഫുദ്ദീൻ ബൂസിരിയുടെ 'ബുർദ'
4. ബൈഹഖി, അബ്ദുർറഹ്മാനുബ്നു ജൗസി എന്നിവരുടെ മൗലൂദുകൾ.
5. ജഅ്ഫർ ബർസഞ്ചി മദനിയുടെ 'ഖിസ്സത്തുമൗലിദുന്നബി'

മൗലൂദ് പാരായണവേളയിൽ നബി(സ)യുടെ പേര് കേൾക്കുമ്പോൾ എഴുന്നേറ്റു നിൽക്കുന്ന ആചാരം ഫാതിമികൾ വഴിയായി പ്രചരിച്ച നബിദിനാഘോഷത്തിലൂടെയാണ് വന്നത്. അയ്യൂബികളുടെ നബിദിനാഘോഷത്തിൽ

ഈ ആചാരമുണ്ടായിരുന്നില്ല. യേശുക്രിസ്തുവിന്റെ ജന്മദിനാഘോഷത്തിൽ ക്രിസ്ത്യാനികൾക്ക് അങ്ങനെയൊരു പതിവില്ലാത്തതാണ് കാരണം. ഇന്ത്യയിൽ നബിക്ക് സലാം പറയുന്ന സന്ദർഭത്തിലാണ് എഴുന്നേറ്റു നിൽക്കുക. നബി(സ) ആ സന്ദർഭത്തിൽ സദസ്സിലേക്ക് കടന്നുവരും എന്നാണ് സങ്കൽപം. തിരുമേനിയോടുള്ള ബഹുമാനസൂചകമായാണ് എഴുന്നേറ്റ് നിൽക്കുന്നത്.

## ഇന്ത്യയിൽ

ഇന്ത്യൻ മുസ്‌ലിംകൾക്കിടയിൽ പണ്ടുകാലം മുതൽക്കേ നബിദിനാഘോഷം നടപ്പിലുണ്ട്. ഹിജ്റ ഒമ്പതാം നൂറ്റാണ്ടിൽ സുൽത്താൻ സിക്കന്തർ ലോധിയുടെ പിതൃവ്യ പുത്രൻ അസാധാരണമായ രീതിയിൽ നബിദനമാഘോഷിച്ചിരുന്നു. റബീഉൽ അവ്വൽ ഒന്നാം തീയതി മുതൽതന്നെ, ആഘോഷം തുടങ്ങും. ദിവസവും ദാനധർമങ്ങൾ വിതരണം ചെയ്യും. ഒന്നാം ദിവസം 1000 സ്വർണനാണയങ്ങൾ, രണ്ടാം ദിവസം 2000 സ്വർണ നാണയങ്ങൾ, മൂന്നാം ദിവസം 3000 ഈ ക്രമത്തിൽ റബീഉൽ അവ്വൽ പന്ത്രണ്ട് വരെ അത് തുടരും. അന്ന് 12,000 സ്വർണനാണയമായിരിക്കും ദാനം ചെയ്യുന്നത്. അതോടൊപ്പം ഭക്ഷണവും മധുര പലഹാരങ്ങളും വിതരണം ചെയ്യപ്പെടുന്നു (തക്ദിറത്തുൽ ഉലമാഅ്-മൗലവി റഹ്മാൻ അലി). ഷാജഹാന്റെ മന്ത്രിയായിരുന്ന സഅദുല്ലാഖാന്റെ പുത്രൻ ഹഫീസുല്ലാഖാൻ ആയിരം പേർക്ക് സദ്യ നൽകുകയും ആഫ്താബ(ഒരുതരം പാത്രം)യിൽ വെള്ളമെടുത്ത് അവരുടെയെല്ലാം കൈ കഴുകിക്കൊടുക്കുകയും ചെയ്തിരുന്നുവെന്ന് മൗലാനാ ഗുലാം അലി ആസാദ് ബൽഗ്രാമി (ഹിജ്റ 1200) 'യദെബൈളാ' എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തുന്നു. 1112-ലാണ് ഹഫീസുല്ലാഖാൻ അന്തരിച്ചത്. ഇത്തരം ആഘോഷം അക്കാലത്ത് ഉപരിവർഗങ്ങൾക്കിടയിൽ പരിമിതമായിരുന്നു.

ഔധിയിൽ ശീഈകളുടെ ഭരണം സ്ഥാപിതമായതിനു ശേഷമാണ് സാധാരണക്കാർക്കിടയിൽ അതിനു പ്രചാരം സിദ്ധിക്കുന്നത്. ഔധിയിൽ ശീഈകൾ വളരെ ആർഭാടത്തോടെ മുഹർറം ആഘോഷിച്ചിരുന്നു. അതിന്റെ ഒരു പ്രതിവർത്തനമെന്ന നിലയിൽ സുന്നികൾ മീലാദാഘോഷത്തിനു കൊഴുപ്പുകൂട്ടി. ഹാശിമി ഫരീദാബാദി താരീഖെഹിന്ദ്വ പാകിസ്താൻ' എന്ന ഗ്രന്ഥത്തിൽ ഇത് സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. ഇക്കാലത്താണ് മൗലാനാ ഗുലാം ഇമാം ശഹീദി തന്റെ 'മീലാദ് നാമ' രചിച്ചത്.

ഇന്ത്യയിലും പാകിസ്താനിലും ബറേൽവികളാണ് നബിദിനാഘോഷം കൂടുതലായാഘോഷിക്കുന്നത്. ദയൂബന്തികൾ അതിനെതിരല്ലെങ്കിലും മൗലൂദ് പാരായണവേളയിൽ നിൽക്കുന്ന പതിവ് ഉത്തമമായി അവർ കരുതുന്നില്ല. അഹ്‌ലെഹദീസുകാരാകട്ടെ നബിദിനാഘോഷം അടിസ്ഥാനപരമായി ത്തന്നെ ബിദ്അത്തും അനനുവദനീയവുമായി ഗണിക്കുന്നവരാണ്.

## സീറത്തുന്നബി

ഈ നൂറ്റാണ്ടിന്റെ തുടക്കം മുതൽ സീറത്തുന്നബി യോഗങ്ങൾ നമ്മുടെ രാജ്യത്ത് തുടങ്ങുകയുണ്ടായി. മീലാദുന്നബി ആഘോഷങ്ങളിൽനിന്ന് വ്യത്യസ്തമാണിത്. നബി(സ)യുടെ ജന്മത്തെക്കുറിച്ച് ചില നിവേദനങ്ങൾ ഓതിക്കേൾപ്പിക്കുക, ചില മുഅ്ജിസത്തുകൾ വിവരിക്കുക, നബിക്ക് സലാം ചൊല്ലുക തുടങ്ങിയവയാണ് നബിദിനാഘോഷങ്ങളിൽ നടക്കുന്നത്. അതിന്റെ വിഷയങ്ങൾ നിർണിതമാണ്. സീറത്തുന്നബി യോഗങ്ങളിൽ നബി(സ)യുടെ ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിലേക്ക് വെളിച്ചം വീശുകയാണ് ചെയ്യുന്നത്. നബി(സ)യുടെ ജീവിതം മുസ്‌ലിംകൾക്ക് ഉത്തമമായ മാതൃകയാണ്. അതിനെ പിൻപറ്റുക അവർക്ക് നിർബന്ധമുള്ള കാര്യമാണ്. അതുകൊണ്ടുതന്നെ നബി(സ)യുടെ ജീവിതത്തെ മുസ്‌ലിംകൾ ആദ്യം തൊട്ടേ സൂക്ഷ്മമായി നിരീക്ഷിച്ചു പഠിച്ചിരുന്നു. ആ മഹൽ ജീവിതത്തിന്റെ വിശദാംശങ്ങൾ വരെ ക്രോഡീകരിക്കപ്പെട്ടിട്ടുണ്ട്.

രാജഭരണകാലത്ത് ഇസ്‌ലാമിക വിദ്യാഭ്യാസമാണ് നിലനിന്നിരുന്നത്. അറബി, പേർഷ്യൻ ഭാഷകളും ഖുർആൻ, ഹദീസ്, ഫിഖ്ഹ് തുടങ്ങിയ വിഷയങ്ങളും അറിയുന്നവരെയാണ് അഭ്യസ്ത വിദ്യരെന്നു പറഞ്ഞിരുന്നത്. അവരുടെ മനസ്സ് ഇസ്‌ലാമികമായി രൂപപ്പെട്ടിരുന്നു. ബാഹ്യമായ സഹായങ്ങൾ അവർക്കാവശ്യമുണ്ടായിരുന്നില്ല. പക്ഷേ, ഇന്ന് ഇംഗ്ലീഷ് വിദ്യാഭ്യാസമാണ് നടപ്പിലുള്ളത്. ഖുർആനും സുന്നത്തും വരെ അവിടെ പഠിപ്പിക്കപ്പെടുന്നില്ല. ഈ സാഹചര്യങ്ങളിൽ ഇത്തരം സദസ്സുകൾ പഠിപ്പിക്കപ്പെടുന്നത് പ്രയോജനപ്രദമാണ്. എന്നാൽ കളിയും വിനോദവുമായിരിക്കരുത്, പഠനവും പരിശീലനവുമായിരിക്കണം അവയുടെ ലക്ഷ്യം. ●

**വിവ: ആർ.എം**